**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 207** **22-02-2022 - ൽ മറുപടിയ്ക്ക്**

**ക്യാൻസർ രോഗികളുടെ ക്രമാതീതമായ വർധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ക്യാൻസറിനെ പ്രതിരോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്തെ നിലവിലുള്ള കാൻസർ രജിസ്ട്രി പ്രകാരം കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിയ Cancer Strategic action plan ന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങളെ ശാക്തീകരിക്കുന്നതിനും എല്ലാ തലങ്ങളിലും കാൻസർ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കാൻസർ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു കാൻസർ ചികിത്സാ ഗ്രിഡ് രൂപീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. റീജിയണൽ കാൻസർ സെന്ററുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയും മെഡിക്കൽ കോളേജുകളിൽ ഓങ്കോളജി യൂണിറ്റുകൾ ആരംഭിക്കുകയും ജില്ലാ ആശുപത്രികളിൽ കാൻസർ കെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തി താഴെതട്ടിലുള്ള ആശുപത്രികളിൽ പ്രൈമറി കാൻസർ കെയർ സംവിധാനങ്ങൾ ഒരുക്കിയും കാൻസർ ചികിത്സാ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച ജില്ലാ കാൻസർ കെയർ പദ്ധതിയിലൂടെ സംസ്ഥാനത്ത് 24 ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള പ്രാഥമിക കാൻസർ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കാൻസർ കണ്ടുപിടിക്കുന്നതിന് ബയോപ്സി, മാമോഗ്രാഫി തുടങ്ങിയ സൗകര്യങ്ങൾ ആശുപത്രികളിൽ സജ്ജമാക്കിയിട്ടുണ്ട്. മെഡിറ്റേഷൻ, സർജറി എന്നിവയും ചികിത്സയുടെ ഭാഗമായി നടത്തുന്നുണ്ട്. ആവശ്യമായ മരുന്നുകളും ആശുപത്രികളിൽ രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. G.O(Rt) No. 503/2021/H&FWD dated 19/02/2021 പ്രകാരം സൃഷ്ടിക്കപ്പെട്ട District Cancer Control Committee വഴി കേന്ദ്ര സംസ്ഥാന സർക്കാർ കാൻസർ പ്രതിരോധ നടപടികൾ ഏകോപിപ്പിച്ച് കൊണ്ട് |

| | | | |
|---|---|---|---|
| | | | പോകുന്നു. ഡി.എം.ഒ യാണ് ഈ കമ്മിറ്റിയുടെ കൺവീനർ. ഇതിന്റെ നേതൃത്വത്തിൽ കാൻസർ രോഗനിയന്ത്രണ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | ക്യാൻസർ രോഗികൾ വർധിക്കുന്നതിനെക്കുറിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ? | (ബി) | 2017 മുതൽ ഐ.സി.എം.ആർ ന്റെ കീഴിൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ HBCR (Hospital Based Cancer Registry) ന്റെ കീഴിൽ പഠനം നടത്തി വരുന്നു. ഈ പഠന പ്രകാരം പുരുഷന്മാരിൽ 23% ശ്വാസകോശാർബുദവും രണ്ടാമതായി 20% ഹെഡ് & നെക്ക് കാൻസറും മൂന്നാമതായി ഉദരസംബന്ധമായ കാൻസറും ആണ് കൂടുതലായി കണ്ടു വരുന്നത്. എന്നാൽ സ്ത്രീകളിൽ 35% സ്തനാർബുദവും രണ്ടാമതായി 19% ഗർഭാശയ അർബുദവും മൂന്നാമതായി 10% ഉദര സംബന്ധമായ കാൻസറും ആണ് കണ്ടു വരുന്നത്. സ്ത്രീകളിൽ വർദ്ധിച്ചു വരുന്ന സ്തനാർബുദത്തിന് കാരണമാകുന്ന ഘടകങ്ങൾ മനസ്സിലാക്കുന്നതിനു വേണ്ടി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസേർച്ചിന്റെ ധനസഹായത്തോടുകൂടി 2017 മുതൽ ആർ.സി.സി യിലെ വിവിധ വകുപ്പുകൾ സഹകരിച്ച് രോഗികളുടെ ജീവിതരീതി, പ്രത്യുല്പാദന രീതി, ജനിതക കാരണങ്ങൾ എന്നിവയിൽ പഠനം നടത്തി വരുന്നു. കരുനാഗപ്പള്ളി മേഖലയിൽ ആർ.സി.സി യുടെ മേൽനോട്ടത്തിൽ തൈറോയിഡ് കാൻസറിനെപ്പറ്റിയുള്ള ശാസ്ത്രീയ പഠനം നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ